**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** | **12-07-2022 - ൽ മറുപടിയ്ക്ക്**

**വന അധിഷ്ഠിത ഉപജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,**<br>**ശ്രീ പി എസ് സുപാൽ,**<br>**ശ്രീമതി സി. കെ. ആശ,**<br>**ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗത്തിന് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗത്തിന് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br><br>കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതി,<br>തടിയിതര വനവിഭവങ്ങളുടെ വില്പനയ്ക്കായി വനംവകുപ്പ് ആരംഭിച്ച വിപണന ശൃംഖലയായ വനശ്രീ, കേന്ദ്ര സർക്കാർ ഏജൻസിയായ TRIFED -ന്റെയും സ്ഥാന സർക്കാരിൻറെയും (75:25 (CSS) ധനസഹായത്തോടെ ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന MSP for MFP പദ്ധതി, പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) എന്നിവയാണ് ഈ ലക്ഷ്യം മുൻ നിർത്തി നടപ്പിലാക്കിയിട്ടുള്ള മറ്റ് പദ്ധതികൾ.<br><br>കൂടാതെ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്ത്വത്തിൻ കീഴിൽ സംസ്ഥാനത്ത് നിലവിൽ 60 ഇടങ്ങളിൽ വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. |
| (ബി) | ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അവയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും | (ബി) | ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി സംഭരിച്ച് അവയുടെ മൂല്യവർദ്ധനവ് നടത്തി വിപണിയിലെത്തിക്കുന്നതിനായി വിവിധ ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | വേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | | ഡെവലപ്പ്മെൻറ് ഏജൻസികളുടെ (FDA) കീഴിൽ വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ TRIFED (Tribal Cooperative Marketing Development Federation of India Ltd.) -ന്റെ ധനസഹായത്തോടെ രണ്ട് പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു.<br><br>**i. ചെറുകിട വനവിഭവങ്ങളുടെ താങ്ങുവില (MSP for MFP- minimum support Price for Minor Forest Produce)**<br>MSP for MFP പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 24-ഓളം വനവിഭവങ്ങൾക്ക് സുനിശ്ചിതമായ താങ്ങുവില ഉറപ്പാക്കുന്നു. പുതുതായി വിപണന, സംസ്കരണ, സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുവാനും, നിലവിലെ വിപണന കേന്ദ്രങ്ങൾ നവീകരിക്കുവാനും സഹായം ലഭിക്കുന്നു.<br>**ii. വൻ ധൻ വികാസ കേന്ദ്ര (Van Dhan Vikas Kendra (VDVK))**<br>പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത ഗോത്ര സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു. കേരളത്തിൽ 44 VDVK-കൾ പ്രവർത്തിക്കുന്നുണ്ട്. അംഗങ്ങളായ പതിനായിരത്തോളം വനാശ്രിതർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. |
| (സി) | അപൂർവ്വ ഔഷധ സസ്യങ്ങളുടെ വംശനാശം തടയുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽ സംസ്ഥാനത്ത് ലഭ്യമായതും, ആവശ്യമുള്ളതുമായ വിവിധ ഇനം ഔഷധസസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദേശീയ-സംസ്ഥാന ഔഷധസസ്യ ബോർഡുകളുടെ ധനസഹായം ഉപയോഗപ്പെടുത്തി ഔഷധസസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റികൾ വഴി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി വഴിയും ഈറ്റയും, മുളയും, മറ്റ് ഔഷധസസ്യങ്ങളും വച്ച് പിടിപ്പിക്കുന്നതിനുള്ള പരിപാടികൾ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തൻവർഷവും തുടർന്നു വരുന്നുണ്ട്. |
| (ഡി) | കേരളത്തിലെ വനമേഖലയിൽ കാണപ്പെടുന്ന | (ഡി) | കേരളത്തിലെ വനം ഡിവിഷനുകളുടെ |

| | | | |
|---|---|---|---|
| | എല്ലാത്തരം സസ്യങ്ങളുടെയും ജീൻബാങ്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | പ്രവർത്തനങ്ങൾക്കായി വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന സാഹചര്യത്തിൽ ആ മേഖലയിലെ സസ്യങ്ങളുടെ Enumeration survey നടത്തി ഇനങ്ങളെ തിട്ടപ്പെടുത്താറുണ്ടെങ്കിലും വനം മേഖലയിൽ കാണപ്പെടുന്ന എല്ലാത്തരം സസ്യങ്ങളുടെയും ജീൻ ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഉള്ളതായി കണ്ടെത്തിയിട്ടില്ല. എന്നാൽ ഐക്യരാഷ്ട്ര സംഘടനയുടെ RED Data ബുക്കിൽ പ്രതിപാദിക്കുന്ന Rare, Endangered, Threatened (RET) എന്നീ വിഭാഗങ്ങളിൽപ്പെടുന്നതും കേരളത്തിലെ വനമേഖലയിൽ കണ്ടു വരുന്നതുമായ തദ്ദേശ്ശസസ്യങ്ങളെ വംശനാശ ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിനായി ആയതിന്റെ തൈ ഉൽപാദിപ്പിച്ച് അതത് മേഖലകളിൽ നട്ടുവളർത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ